# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1208 05.03.2018-ൽ മറുപടിയ്ക്ക്**

## കായിക്കര കടവിലെ പാലം നിർമാണം

| ചോദ്യം<br>ശ്രീ.ബി.സത്യൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വക്കം-അഞ്ചുതെങ്ങ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര കടവിലെ പാലം നിർമാണം പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച സാഹചര്യം വിശദമാക്കുമോ; | എ) വക്കം - അഞ്ചുതെങ്ങ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കരകടവിലെ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചെയ്യാനാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയതിനാൽ ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടപ്പാക്കേണ്ടത്. |
| ബി) പാലം നിർമാണവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തീകരിച്ചത്;വിശദമാക്കാമോ;<br>സി) പൂർത്തിയാക്കിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എന്തെല്ലാം രേഖകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൈമാറി നൽകിയത് എന്നറിയിക്കാമോ? | ബി) & സി) തീരദേശ പഞ്ചായത്തുകളായ അഞ്ചുതെങ്ങിനെയും വക്കത്തെയും യോജിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് ഹാർബർ എൻജിനീയറിംഗ് വകുപ്പ് പ്രാരംഭ സർവ്വേ നടപടികൾ പൂർത്തീകരിച്ച് നബാർഡ്-ന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി 1935 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2013 ൽ തയ്യാറാക്കിയിരുന്നു. സ്ഥലം ലഭ്യമായ പ്രവൃത്തികൾക്കാണ് നബാർഡ് മുൻഗണന നൽകി അംഗീകാരം നൽകിയത്. ആയതിനാൽ ടി പദ്ധതിയുടെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഉൾപ്പെടുന്ന വക്കം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുവാൻ കത്ത് നൽകിയെങ്കിലും വിലകൊടുത്ത് വാങ്ങാനുള്ള ഫണ്ട് ഇല്ലായെന്ന് പഞ്ചായത്തുകൾ അറിയിച്ച മേൽ പ്രവൃത്തിയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സർവ്വേ നമ്പരുകളും അവയുടെ വിസ്തീർണ്ണവും ഉൾക്കൊള്ളുന്ന കരട് സ്കെച്ച് ചിറയിൻകീഴ് തഹസീൽദാരിൽ നിന്നും ലഭിച്ചതനുസരിച്ച് വക്കം വില്ലേജിൽ നിന്ന് 20.396 ആർ സ്ഥലവും അഞ്ചുതെങ്ങ് വില്ലേജിൽ നിന്ന് 13.555 ആർ |

സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങൾക്ക് കമ്പോളവില അനുസരിച്ച് 50,59,410/- രൂപ വേണ്ടി വരും. ടി പ്രവൃത്തിയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സർവ്വേ നമ്പറുകളും അവയുടെ വിസ്തീർണ്ണവും ഉൾക്കൊള്ളുന്ന കരട് സ്കെച്ച്, സ്ഥലം ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്റെ പകർപ്പ് എന്നിവ പൊതുമരാമത്ത് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**